പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1843 01.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ഭരണ റിപ്പോർട്ട്

ചോദ്യം

ശ്രീ.പി.കെ.അബ്ദു റബ്ബ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. അതിന്റെ ഭരണ റിപ്പോർട്ട് നിയമസഭയിൽ അവസാനമായി സമർപ്പിച്ചത് എന്നാണ്; ഏതെല്ലാം വർഷത്തേയ്ക്കുള്ളത് സഭയിൽ സമർപ്പിക്കുവാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ; | (എ) | 2001-ലാണ് കെ.എസ്.ആർ.ടി.സി. ഭരണ റിപ്പോർട്ട് അവസാനമായി സമർപ്പിച്ചത്. എന്നാൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെ ആഡിറ്റ് ചെയ്ത ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാര്യങ്ങൾ കൃത്യമായി ചെയ്യുന്നതിലും സമർപ്പിക്കുന്നതിലും കെ.എസ്.ആർ.ടി.സി.യിലെ ഉദ്യോഗസ്ഥർ കാട്ടുന്ന ബോധപൂർവ്വമായ അലംഭാവം അതീവ ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇത് കൃത്യമായി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് കോർപ്പറേഷന് അറിയിപ്പ് നൽകിയിരുന്നോ; എങ്കിൽ എത്ര തവണ; വിശദമാക്കുമോ; | (സി) യും (ഡി) യും | ആവർത്തിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നിട്ടും കാലതാമസം ഉണ്ടായതിനാൽ റിപ്പോർട്ട് കൃത്യമായി സമർപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി.ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സർക്കാരിൽ നിന്നും ഇത്തരം അറിയിപ്പുകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക സംവിധാനം ഒരുക്കുമോ; ആയതിന് കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**